# കെ.എസ്.ഇ.ബി എംപ്ലോയീസ് വെൽഫയർ ഫണ്ട്

പേഴ്സണൽ ഡിപ്പാർട്ട്മെന്റ്

വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695004.

ഫോൺ : 0471 2514527, 2514608 ഇ-മെയിൽ : pokseb@gmail.com


KSEBL/SEC/PD/1310/2024-CPO തീയതി: 20/07/2026

## പരിപത്രം

വിഷയം :- കെ.എസ്.ഇ.ബി എംപ്ലോയീസ് വെൽഫെയർ ഫണ്ടിൽ നിന്നും 2026 വർഷത്തേക്കുള്ള വിദ്യാഭ്യാസ അവാർഡിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ദീർഘിപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന :- (1) സർക്കുലർ നമ്പർ KSEBL/SEC/PD/868/2024-CPO, തീയതി 11.06.2026.

(2) സർക്കുലർ നമ്പർ KSEBL/SEC/PD/1310/2024-CPO, തീയതി 27.06.2026.

(3) സർക്കുലർ നമ്പർ KSEBL/SEC/PD/1310/2024-CPO, തീയതി 10.07.2026.

(4) കെ.എസ്.ഇ.ബി വർക്കേഴ്സ് അസോസിയേഷൻ (സി.ഐ.ടി.യു.) ജനറൽ സെക്രട്ടറിയുടെ 20.07.2026-ലെ കത്ത്.

കെ.എസ്.ഇ.ബി എംപ്ലോയീസ് വെൽഫെയർ ഫണ്ടിലെ വ്യവസ്ഥകൾ പ്രകാരം 2026 വർഷത്തേക്കുള്ള വിദ്യാഭ്യാസ അവാർഡിനുള്ള അപേക്ഷകൾ 27.06.2026-നകം സമർപ്പിക്കുന്നതിനായി സൂചന (1) പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. തുടർന്ന്, ചില വിദ്യാർത്ഥികൾക്ക് ആവശ്യമായ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിന് കാലതാമസം നേരിട്ട സാഹചര്യത്തിൽ, അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 18.07.2026 വരെ ദീർഘിപ്പിച്ചുകൊണ്ട് സൂചന (3) പ്രകാരം മറ്റൊരു സർക്കുലർ പുറപ്പെടുവിക്കുകയുണ്ടായി.

ഇതിനിടെ, CBSE ക്ലാസ് X വിദ്യാർത്ഥികൾക്കായി നടത്തിയ രണ്ടാം പരീക്ഷയുടെ ഫലം 18.07.2026-ന് പ്രഖ്യാപിക്കപ്പെട്ടതിനാൽ, പ്രസ്തുത പരീക്ഷയിലൂടെ അർഹത നേടിയ വിദ്യാർത്ഥികളുടെ രക്ഷിതാക്കൾക്കും വിദ്യാഭ്യാസ അവാർഡിന് അപേക്ഷ സമർപ്പിക്കുന്നതിന് അവസരം നൽകണമെന്നാവശ്യപ്പെട്ട് കെ.എസ്.ഇ.ബി വർക്കേഴ്സ് അസോസിയേഷൻ (സി.ഐ.ടി.യു.) സൂചന (4) പ്രകാരം അഭ്യർഥിച്ചിരുന്നു.

മേൽപ്പറഞ്ഞ അഭ്യർഥന പരിഗണിച്ചുകൊണ്ട്, 2026 വർഷത്തേക്കുള്ള വിദ്യാഭ്യാസ അവാർഡിനുള്ള അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി **22.07.2026** വരെ ദീർഘിപ്പിച്ചിരിക്കുന്നതായി ഇതിനാൽ അറിയിക്കുന്നു.

ARU-കളിൽ പരിശോധിച്ച് അംഗീകരിച്ച അപേക്ഷകൾ **22.07.2026-ന് വൈകുന്നേരം 5.00 മണിക്ക് മുമ്പായി** ഓൺലൈൻ മുഖേന ഈ കാര്യാലയത്തിലേക്ക് നിർബന്ധമായും സമർപ്പിക്കേണ്ടതാണ്. നിശ്ചിത സമയപരിധിക്ക് ശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

സെക്രട്ടറി

കെ.എസ്.ഇ.ബോർഡ് എംപ്ലോയീസ് വെൽഫയർ ഫണ്ട്